**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 655 **28.02.2018** -ലെ മറുപടിക്ക്

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഇരവിക്കോട്ടു കോളനി നവീകരണത്തിന്റെ വിശദമായ പദ്ധതിരേഖ പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഇരവിക്കോട് കോളനി നവീകരണത്തിന്റെ വിശദമായ പദ്ധതി രേഖ ലഭ്യമായിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. അംഗീകൃത സോഫ്റ്റ് വെയർ ആയ PRICE മുഖേന നൽകുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്. |
| (ബി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്ലാക്കാട് കോളനി നവീകരണം പൂർത്തീകരിച്ചതെന്നാണ്; നിർവഹണ ഏജൻസി ആരായിരുന്നു; നിർവഹണ ഏജൻസിക്ക് നിർമ്മാണത്തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ? | (ബി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്ലാക്കാട് കോളനി നവീകരണം പൂർത്തീകരിച്ചത് 03.01.2017-നാണ്. നിർവ്വഹണ ഏജൻസി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രമാണ്; നിർവ്വഹണ ഏജൻസിക്ക് നിർമ്മാണ തുക നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ